ഗ്രേഡ് 2 ഫിനാൻഷ്യൽ അസിസ്റ്റന്റ്

1395. [1989] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 മുതൽ 1984 ജൂൺ 17 വരെ സംസ്ഥാനത്ത് ഗ്രേഡ് 2 ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുണ്ടായി ;

(ബി) എത്രപേരെ നിയമിച്ചു ;

(സി) ഇതിൽ എത്രപേർ പി. എസ്. സി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഈ കാലയളവിൽ നിയമിക്കപ്പെട്ടു ;

(ഡി) പി. എസ്. സി. യുടെ ലിസ്റ്റ് എന്നു പബ്ലിഷ് ചെയ്തു എന്നും എന്നുവരെ പ്രാബല്യത്തിലിരുന്നു എന്നും പറയാൻ കഴിയുമോ ;

(ഇ) ഈ കാലയളവിലെ നിയമനം സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം റിട്ടു ഹർജികളിൻമേൽ ;

(ജി) ഈ വിധികളെല്ലാം നടപ്പാക്കിയോ ;

(എച്ച്) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഐ) നിശ്ചിത കാലയളവിൽ കൂടുതൽ ഡിവിഷണൽ അക്കൗണ്ടന്റുമാരെ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ടോ ;

(ജെ) ഡയറക്ട് റിക്രൂട്ട്മെന്റിൽ നിയമിക്കാനുള്ള ഒഴിവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ കോടതിവിധികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളവരെ നിയമിക്കുമോ ?

ഉത്തരം

(എ) 1982-83 മുതൽ 1984 ജൂലൈ 17 വരെ സംസ്ഥാനത്ത് ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ 17 ഒഴിവുകളുണ്ടായി.

(ബി) പതിനേഴുപേരെ നിയമിച്ചു.

(സി) 16 പേർ പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും നിയമിക്കപ്പെട്ടു.

(ഡി) 18-6-1982-ൽ പ്രസിദ്ധീകരിക്കുകയും 17-6-1984 വരെ പ്രാബല്യത്തിരിക്കുകയും ചെയ്തു.

(ഇ) ഉണ്ട്.

(എഫ്) ഒ. പി. 3255/84 എഫ്, ഒ. പി. 5365/84 ഐ. ഒ. പി. 5462/84 സി, ഒ. പി. 5318/84 ഡി എന്നീ ഹർജികളിൻമേൽ.

(ജി) വിധികളെല്ലാം നടപ്പാക്കിയിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

(ഐ) മേൽ പറഞ്ഞ കാലയളവിൽ നിയമിച്ചിട്ടില്ല.

(ജെ) ഡയറക്ട് റിക്രൂട്ടുമെന്റിൽ നിയമിക്കാനുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെങ്കിലും പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലില്ലാത്തതിനാൽ ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ല. കോടതി വിധികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള എല്ലാവരേയും നിയമിച്ചുകഴിഞ്ഞു.

ട്രഷറി വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

1396. [1990] ശ്രീ. പി. വിജയദാസ് :

,, കെ. ശങ്കരനാരായണപിള്ള :

,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980 ജനുവരിക്കുശേഷം ട്രഷറി വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം തസ്തികകളാ എത്ര എണ്ണം വീതമാണ് ഓരോ വർഷവും സൃഷ്ടിച്ചത് ?

ഉത്തരം

(എ) 1980 ജനുവരിക്കുശേഷം ട്രഷറിവകുപ്പിൽ 643 തസ്തികകളാ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി)

ഓരോ വർഷവും പുതുതായി സൃഷ്ടിച്ച തസ്തികകളാ	1980	1981	1982	1983	1984	1885	മൊത്തം
അസിസ്റ്റന്റ് ഡയറക്ടർ	..	..	..	1	..	1	2
സ്പെഷ്യൽ ഓഫീസർ				1			1
സീനിയർ സൂപ്രണ്ട്					1		1
ജില്ലാ ട്രഷറി ആഫീസർ		1	1	3	1	1	7
അസിസ്റ്റന്റ് ട്രഷറി ആഫീസർ		1		3	1		5
സ്റ്റാമ്പ് ഡിപ്പോ ആഫീസർ		1			1		2
സബ് ട്രഷറി ആഫീസർ	3	5	3	10	7	5	33
ജൂനിയർ സൂപ്രണ്ട്	3	4	2	6	2	1	18
ഹെഡ് അക്കൗണ്ടൻറ്/ സെക്ഷൻ ഹെഡ്	3	9	3	9	7	6	37
സീനിയർ അക്കൗണ്ടൻറ്	8	19	10	28	11	10	86
ജൂനിയർ അക്കൗണ്ടൻറ്	25	47	15	83	38	15	223
ട്രഷറർ	7	11	6	21	11	5	61
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്		7	2	4	4		17
അറ്റൻറർ		4		3	2		10
സ്റ്റാമ്പ് എക്സാമിനർ		2					2
വാച്ചർ				1			1
പ്യൂൺ	8	19	9	33	16	9	94
പാർട്ട് ടൈം തൂപ്പുകാർ	5	6	7	10	11	4	43
ആകെ	63	136	58	216	113	57	643

LIBRARY ARCHIVES Kerala Legislative Assembly